## ചോ:

# "എപ്പോഴാണ് ഒരു അപ്പൊസ്തോലിക മാതൃക കെട്ടപ്പെടുന്നത്?"

## ഉത്തരം:

ദിവ്യമായ മാതൃകയുടെ വിഷയത്തെ സംബന്ധിച്ച്, പലപ്പോഴും ഒരു ചോദ്യം ഉയരാറുള്ളത് ഇതാണ് "എപ്പോഴാണ് ഒരു അപ്പൊസ്തോലിക മാതൃക കെട്ടപ്പെടുന്നത്?" നമ്മുടെ കർത്താവിന്റെ അപ്പൊസ്തലന്മാർ കെട്ടപ്പെടുന്നതോ അഴിക്കപ്പെടുന്നതോ എന്തുതന്നെയായാലും അതു ന്യായവിധിനാൾ വരെ അങ്ങനെ തന്നെ ആയിരിക്കണം എന്നു തിരുവെഴുത്തുകൾ വ്യക്തമാക്കുന്നു (മത്തായി 16:19; 18:18). അപ്പൊസ്തലന്മാർ ദൈവാലയത്തിലും (പ്രവൃത്തികൾ 2:46), സ്കൂളിലും (പ്രവൃത്തികൾ 19:9), വീടുകളിലും (പ്രവൃത്തികൾ 5:42), കൂടാതെ ഒരു പുഴവക്കത്തും (പ്രവൃത്തികൾ 16:13), ഉപദേശിച്ചതിന് ഉദാഹരണങ്ങൾ ഉള്ളതു ഒരാൾ വീക്ഷിക്കുമ്പോൾ അയാൾ ചോദിക്കേണ്ട ആവശ്യമില്ല, "ഏതു മാതൃകയാണ് കെട്ടപ്പെടുന്നത്?" നമുക്ക് അത് എവിടെയും പഠിപ്പിക്കാം.

ദൈവം ആഗ്രഹിക്കുന്നത് അവന്റെ ഇഷ്ടം നാം പഠിക്കുവാനാണ് (1 തിമൊഥെയൊസ് 4:13; എഫെസ്യർ 5:17). ചില കാര്യങ്ങളിൽ നാം നമ്മെ സ്വയം ശരിയാണോ എന്നു പരിശോധിക്കേണ്ടതുണ്ട് (ലൂക്കൊസ് 12:57). എങ്ങനെയായാലും, ഒരു ദിവ്യമായ തത്വം ഉൾപ്പെടുമ്പോൾ, അപ്പോഴാണ്, അപ്പോൾ മാത്രമാണ് അപ്പൊസ്തൊലിക മാതൃക കെട്ടപ്പെടുന്നത്.

പ്രവൃത്തിക്കുള്ള ഒരു പ്രമാണം അല്ലെങ്കിൽ പരിജ്ഞാനമാണ് ഒരു തത്വം എന്നത്. തിരുവെഴുത്തുകൾ ''ആദ്യ പാഠങ്ങളെ'' കുറിച്ചു പറയുന്നു (എബ്രായർ 5:12; നോക്കുക 6:1). നാം ചില "പ്രമാണം," അല്ലെങ്കിൽ "നിലവാരം'' അനുസരിച്ചു നടക്കുവാൻ കല്പിച്ചിരിക്കുന്നു (ഗലാത്യർ 6:16; ഫിലിപ്പിയർ 3:16).

പ്രവൃത്തികൾ 2:38, 41, 42-ൽ പ്രധാനപ്പെട്ട പ്രത്യേക തത്വങ്ങളെ കുറിച്ചും അവ പൂർത്തീകരിക്കേണ്ടതിനെ കുറിച്ചും വായിക്കുന്നു. മറ്റൊരുവാക്കിൽ, ഇവിടെ കാണുന്നത് ക്രിസ്തുവിലേക്കു വരുവാനുള്ള തത്വങ്ങളും ക്രിസ്തുവിൽ തന്നെ തുടരുവാനുള്ള തത്വങ്ങളുമാണ്. ദൈവവചനത്തിൽ ഇതിനു സമാന്തരമായ ഒന്നും തന്നിട്ടില്ല. അതുകൊണ്ടു, ഈ മാതൃക കെട്ടപ്പെടുന്നതാണ്.

പ്രവൃത്തികൾ 2:44-ൽ ആദ്യകാല സഭയിൽ നാം പൊതുവക പങ്കിടുന്നതിനെ കുറിച്ചു വായിച്ചു. അത് ഒരു കെട്ടപ്പെടുന്ന മാതൃകയാണോ? അല്ല, കാരണം പ്രവൃത്തികൾ 5:4 സൂചിപ്പിക്കുന്നത് ഒരാളുടെ മുതൽ മുഴുവനായി കൊടുക്കുന്നത് ഐഛികമായിരുന്നുവെന്നാണ്.

പ്രവൃത്തികൾ 6-ൽ, ഏഴുപേരെ സഭയുടെ സേവനത്തിനായി തിരഞ്ഞെ

ടുക്കേണ്ടി വന്നപ്പോൾ, അപ്പൊസ്തലന്മാർ പോലും അവരുടെ പേരു സൂചിപ്പിച്ചില്ല. അപ്പൊസ്തോലിക മാതൃക എന്തെന്നാൽ സഭ ആളുകളെ തിരഞ്ഞെടുക്കണം എന്നതാണ് (പ്രവൃത്തികൾ 6:3). പുതിയനിയമത്തിൽ നാം ഓരോ പ്രാദേശിക സഭയുടെ ഭാഗത്തുനിന്നും സ്വയം-ഭരണം മാത്രമല്ലാതെ മറ്റൊരു മാതൃകകളും കണ്ടെത്താത്തതുകൊണ്ടു, ഈ അപ്പൊസ്തോലിക മാതൃക കെട്ടപ്പെടുന്നതാണ്. തിരുവെഴുത്തിൽ അതിനു സമാന്തരമായി ഒന്നും കാണുന്നില്ല.

പ്രവൃത്തികൾ 8:9-24 ൽ, നാം ഒരു തെറ്റു ചെയ്ത ദൈവപൈതലിനെ എങ്ങനെ ദൈവത്തിന്റെ ഇഷ്ടത്തിലേക്കു കൊണ്ടുവരണം എന്നതിനെ കുറിച്ചുള്ള പ്രമാണം വായിക്കുന്നു. മാനസാന്തരത്തിനും പ്രാർത്ഥനക്കും പുറമെ മറ്റു മാർഗ്ഗങ്ങളെ കുറിച്ചു നമുക്കു വായിക്കുവാൻ സാധിച്ചാൽ, പ്രവൃത്തികൾ 8-ലെ മാതൃകകൾ കെട്ടപ്പെട്ടതാണ് എന്ന് നമുക്ക് പറയുവാൻ സാധിക്കുകയില്ല. എങ്ങനെയായാലും, തിരുവെഴുത്തിൽ മറ്റൊരു വഴിയും തന്നിട്ടില്ല.

പ്രവൃത്തികൾ 11:22-ൽ ഒരു സുവിശേഷ പ്രാസംഗികനെ അയച്ചു കൊണ്ടു ഒരു സഭയ്ക്കു മറ്റൊന്നുമായി സഹകരിക്കാം എന്നു നാം കണ്ടു. ഈ തത്വത്തെ തെറ്റിദ്ധരിക്കുവാൻ ഇടയുണ്ട്. സ്വീകരിക്കുന്ന സഭ മറ്റു സഭകളെ ആശ്രയിക്കുന്നതിനാൽ ബലഹീനമാണ് എന്ന് ഒരാൾ പറഞ്ഞേക്കാം. അയക്കുന്ന സഭ കൂടുതൽ പ്രാധാന്യമുള്ളതാകുവാൻ ശ്രമിക്കുന്നു എന്നും ഒരാൾ പറഞ്ഞേക്കാം. മനുഷ്യർ എന്തുപറഞ്ഞാലും, ഒരു സഭ മറ്റൊന്നിനെ അതിന്റെ വേലകളിൽ സഹായിക്കണമെന്നതു ശരിയാണെന്നു അപ്പൊസ്തൊലിക മാതൃക കാണിക്കുന്നു. എങ്ങനെയായാലും, ഈ മാതൃക കെട്ടപ്പെടുന്നത് ആണെന്ന് ഒരാൾ തീർച്ചപ്പെടുത്തുമോ? മറ്റൊരുവാക്കിൽ, ഈ വിധത്തിൽ മാത്രമാണോ പ്രാദേശിക സഭയിൽ ആത്മീയ പ്രബോധനം ഉണ്ടാകുന്നത്? തീർച്ചയായും അല്ല. എഫെസ്യർ 4:16 പറയുന്നു, ... ശരീരം മുഴുവനും യുക്തമായി ചേർന്നും, ഏകീഭവിച്ചും ഓരോ അംഗത്തിന്റെ അതതു വ്യാപാരത്തിന്നു ഒത്തവണ്ണം, ഉതവി ലഭിപ്പാനുള്ള ഏതു സന്ധിയാലും, സ്നേഹത്തിലുള്ള വർദ്ധനെക്കായി അവനിൽനിന്നു വളർച്ച പ്രാപിക്കുന്നു." എങ്ങനെയായാലും, പുതിയനിയമത്തിൽ അംഗീകരിച്ചിരിക്കുന്ന ഒരു മാർഗ്ഗം ഈ മാതൃകയാണ്.

ഒരു കൂട്ടം സഹോദരന്മാർ മറ്റൊരു സഭയ്ക്കോ സഭകൾക്കോ ധനസഹായം അയക്കുമ്പോൾ, പ്രവൃത്തികൾ 11 മറ്റൊരു മാതൃകയും നൽകുന്നു. അത്തരം സഹായം ചെയ്യേണ്ടത് (1) അടിയന്തിരസഹായം ആവശ്യമുള്ളപ്പോൾ മാത്രമാണെന്നും, (2) സഹോദരൻ മാത്രമായിരിക്കണം ആശ്വസിപ്പിക്കേണ്ടത് എന്നും, (3) പ്രത്യേക ഗ്രൂപ്പിന്റെ അല്ലെങ്കിൽ ഡയോസിസൻ അതിർത്തിയുടെ പുറത്തായി അത്തരം സഹായങ്ങൾ ഒന്നും ഉപയോഗിക്കുവാൻ പാടില്ല എന്നും, (4) സഹോദരനാൽ വേണം അതു നൽകപ്പെടുവാൻ എന്നും ഒരാൾ വാദിച്ചേക്കാം. അത്തരം കാരണങ്ങൾ കാര്യത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. ഒരു സഭ മറ്റൊരു സഭക്കു സഹായത്തിനായി പണം കൊടുത്താൽ അതിന്റെ സ്വയഭരണത്തെ തകർക്കും എന്നു വാദിക്കുമ്പോൾ അന്ത്യോക്യയിലെ സഭ അതിന്റെ സ്വയഭരണം നഷ്ടപ്പെടുത്തി എന്നു വാദിക്കുകയാണ്. ഉത്തരവാദിത്വമുള്ളയാളുകൾ തെറ്റായി പ്രവർത്തിച്ചു എന്നു അവകാശപ്പെടുന്നതു യെഹൂദ്യയിലെ മൂപ്പന്മാർ തെറ്റായി പ്രവർത്തിച്ചു എന്നു പറയുന്നതാണ്. അവരുടെ കഴിവിനപ്പുറമായി ദുരിതാശ്വാസം നടത്തുവാൻ ശ്രമിച്ചവരായിരുന്നു അവർ. ഡിക്ഷ്ണറി പറയുന്നത് ഒരു സ്പോൺസർ

എന്നാൽ "മറ്റൊരാളുടെ അല്ലെങ്കിൽ സാധനത്തിന്റെ ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുന്ന ഒരാൾ, അല്ലെങ്കിൽ അതിനായി തിരഞ്ഞെടുത്തിരിക്കുന്ന ഒരാൾ," എന്നാണ്.

നാം പ്രവൃത്തികൾ വായിക്കുമ്പോൾ, അദ്ധ്യായം 13-ലും 14-ലും നമുക്കു കാണാൻ സാധിക്കുന്നത് സഭ പ്രാസംഗികരെ അയച്ചതായും അവരുടെ റിപ്പോർട്ടുകൾ സഭയ്ക്കു ലഭിച്ചതായുമാണ്. ഒരു മിഷണറി സൊസൈറ്റിയെ കുറിച്ചും മാതൃക തന്നിട്ടില്ലാത്തതിനാൽ, ദൈവത്തിന്റെ മിഷണറി സൊസൈറ്റിയാകുന്നതിനെ കുറിച്ചുള്ള സഭയുടെ അപ്പൊസ്തോലിക മാതൃക കെട്ടപ്പെടുന്നതാണ്. പ്രവൃത്തികൾ 14:23-ൽ ഓരോ സഭയിലും നാം മൂപ്പന്മാരുടെ സംഖ്യയിൽ വർദ്ധനവു കാണാം. തിരുവെഴുത്തുകളിൽ മറ്റൊരു ഉദാഹരണവും കാണാത്തതുകൊണ്ടു, ഈ മാതൃക കെട്ടപ്പെടുന്നതായിട്ട് എടുക്കേണ്ടതാണ്.

പ്രവൃത്തികൾ 18:3-ൽ പൗലൊസു തന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ ടെന്റുകൾ ഉണ്ടാക്കിയതായി വായിച്ചു. ഇത് ഒരു കെട്ടപ്പെടുന്ന മാതൃകയാണോ? ഒരാൾക്ക് ഒരു തടിപ്പണിക്കാരൻ ആകാമോ? ഒരാൾക്ക് സഭയുടെ അംഗങ്ങളാൽ താങ്ങപ്പെട്ട ഒരു പ്രാസംഗികൻ ആകാമോ? തീർച്ചയായും, സുവിശേഷ പ്രാസംഗികർക്ക് ഇക്കാര്യത്തിൽ തിരഞ്ഞെടുപ്പിനു സ്വാതന്ത്ര്യമുള്ളതായി തിരുവെഴുത്തുകൾ വ്യക്തമാക്കുന്നു (1 കൊരിന്ത്യർ 9:11–14; 2 കൊരിന്ത്യർ 11:8). ടെന്റുണ്ടാക്കുന്നതിനെ കുറിച്ചുള്ള അപ്പൊസ്തോലിക മാതൃക കെട്ടപ്പെടുന്നതല്ല.

പ്രവൃത്തികൾ 20:7–9 ൽ, മൂന്നാം തട്ടിൽ വെച്ചു കർത്തൃദിവസത്തിൽ അപ്പം നുറുക്കുന്നതിനായി ഒരു രാത്രിയിൽ കൂടുന്നതിനെ കുറിച്ചു നാം വായിക്കുന്നു. രാത്രിയിൽ കൂടുന്നതിൽ എന്തെങ്കിലും ഒരു തത്വം ഉൾപ്പെടുന്നുണ്ടോ? ... മൂന്നാം തട്ടിൽ? ... കർത്തൃദിവസത്തിൽ? മറ്റു തിരുവെഴുത്തുകൾ (എബ്രായർ 10:25; വെളിപ്പാട് 1:10) കാണിക്കുന്നത് ആഴ്ച്ചയുടെ ദിവസം മാത്രമാണ് കാര്യമായിട്ടുള്ളത് എന്നാണ്.

പുതിയനിയമത്തിൽ സംഭവിച്ചതും ദിവ്യമായ തത്വങ്ങളും തമ്മിൽ വേർതിരിച്ചു നാം മനസ്സിലാക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു.